(ബി) നിയമസഭയിൽ പലതവണ ഉറപ്പു നൽകിയെങ്കിലും പ്രസ്തുത പണി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പൈപ്പ് പൊട്ടലിനെക്കുറിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) അരുവിക്കരയിൽനിന്നും സിറ്റിയിലേക്കുള്ള മെയിൻ പൈപ്പാണ് അടിക്കടി പൊട്ടിക്കൊണ്ടിരിക്കുന്നത്. ഈ പൈപ്പുമാറ്റി പകരം എം.എസ്. പൈപ്പിടുന്ന പണി 2/2014-ൽ പൂർത്തീകരിക്കുകയും 3/2014-ൽ കമ്മീഷൻ ചെയ്തിട്ടുമുണ്ട്.

(സി) ഇതുസംബന്ധിച്ച വിജിലൻസ് അന്വേഷണം നടന്നു വരികയാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കണ്ടെത്തലുകളെ കുറിച്ച് അറിയുവാൻ കഴിയുകയുള്ളൂ.

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നടന്ന ഇരട്ട കൊലപാതകങ്ങൾ

14 (6747) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 26-6-2014-ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നടന്ന ഇരട്ട കൊലപാതകങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നു വിശദമാക്കുമോ ?

(ബി) പ്രസ്തുത കൊലപാതകങ്ങൾ സംബന്ധിച്ചുള്ള പോലീസ് എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 26-6-2014 ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നടന്ന ഇരട്ട കൊലപാതകങ്ങളുടെ പശ്ചാത്തലത്തിൽ 30-6-2014 രാവിലെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി, ശ്രീ. കെ. മുരളീധരൻ എം.എൽ.-എയുടെ സാന്നിദ്ധ്യത്തിൽ ആരോഗ്യവകുപ്പുസെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ആഫീസർ, അഡീഷണൽ ഡി.ജി.പി., ഐ.ജി., ജനറൽ ആശുപത്രി സൂപ്രണ്ട്, മെന്റൽ ഹെൽത്ത് സെന്റർ സൂപ്രണ്ട് തുടങ്ങിയവരെ ഉൾപ്പെടുത്തി ഒരു മീറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ഒമ്പതാം വാർഡിൽ കൊണ്ടുവരുന്ന എല്ലാ രോഗികളെയും 24 മണിക്കൂറിനുള്ളിൽതന്നെ സൈക്യാട്രിസ്റ്റ് പരിശോധിച്ച് മാനസിക ചികിത്സ ആവശ്യമുള്ളവരെ പോലീസിന്റെ സഹായത്തോടെ മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കി മെന്റൽ ഹെൽത്ത് സെന്റർ പേരൂർക്കടയിലേക്ക് മാറ്റാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ ദിവസവും പോലീസ് ആംബുലൻസിന്റെ സേവനം ലഭ്യമാക്കാനും തീരുമാനിച്ചു. രോഗം മാറിയ മറ്റുള്ളവരെ സാമൂഹ്യ നീതിവകുപ്പിന്റെ സഹായത്തോടെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 3-7-2014-ൽ ശ്രീ. കെ. മുരളീധരൻ എം.എൽ.എ.-യുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും ഒമ്പതാം വാർഡിലെ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്തു. മേൽവിലാസമുള്ള ഏകദേശം 18 പേരുടെ ലിസ്റ്റ് ഉണ്ടാക്കുകയും ജില്ലാ കളക്ടർ വഴി ബന്ധുക്കളെ കണ്ടുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ആശുപത്രിയിലെ സുരക്ഷാ ഉദ്യോഗസ്ഥന്റെ സേവനം വാർഡിന്റെ പ്രത്യേക നിരീക്ഷണത്തിനും റൗണ്ട്സിനും ഉപയോഗപ്പെടുത്തുന്നതോടൊപ്പം പോലീസ് എയ്ഡ് പോസ്റ്റിന്റെ സേവനവും ഈ കാര്യത്തിൽ പ്രയോജനപ്പെടുത്തിവരുന്നുണ്ട്. ആരോഗ്യ വകുപ്പിനു കീഴിലുള്ള സർക്കാർ ആശുപത്രികളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും രോഗികളുടെ സുരക്ഷയ്ക്കും വേണ്ടി പാലിക്കേണ്ട കർശന നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ബി) എഫ്.ഐ.ആർ.-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ജലവിഭവ വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

15 (885) ശ്രീ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കാമോ ;

(ബി) കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ ഇനിയും പാസ്സാക്കി കൊടുത്തിട്ടില്ലാത്തവ ആകെ എന്ത് തുകയുടേതാണ് ;

(സി) ഭരണാനുമതി നൽകിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly